# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 90** | **26.09.2016-ൽ മറുപടിയ്ക്ക്**

**എ.ടി.എം. കൗണ്ടറുകളുടെ സുരക്ഷ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | പിണറായി വിജയൻ ( മുഖ്യമന്ത്രി) |
| (എ) പലതരത്തിലുള്ള കബളിപ്പിക്കൽ വഴി ബാങ്ക് അക്കൗണ്ടുകളിലെ പണം ഇടപാടുകാർക്ക് നഷ്ടപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിലുള്ള തട്ടിപ്പുകൾക്കിരയാകുന്നവരുടെയും പൊതുജനങ്ങളുടെയും ആശങ്കകൾ പരിഹരിക്കുന്നതിന് സർക്കാർ ഏതെങ്കിലും ഇടപെടലുകൾ നടത്താറുണ്ടോ; | (ബി) ഇതു സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട സംഭവങ്ങളിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്ത് വിദഗ്ധ പരിശോധന പൂർത്തിയാക്കി ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് കുറ്റവാളികളെ കണ്ടെത്തി അവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ ഇക്കാര്യത്തിൽ പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും എ.ടി.എം കൗണ്ടറുകൾക്ക് ആവശ്യമായ സുരക്ഷ നൽകുന്നതിന് ബാങ്ക് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും പോലീസ് പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി നോക്കി വരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് എ.ടി.എം കൗണ്ടറുകൾ കേന്ദ്രീകരിച്ച് ശക്തമായ നിരീക്ഷണം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (സി) ബാങ്കുകൾ എ.ടി.എം. കൗണ്ടറുകളിൽ മതിയായ സുരക്ഷ ഒരുക്കാത്തത് ഇത്തരത്തിലുള്ള തട്ടിപ്പുകൾ വർദ്ധിക്കുന്നതിന് ഇടയാക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) പരിശോധിച്ചിട്ടുണ്ട്. എ.ടി.എം കൗണ്ടറുകളിൽ മതിയായ സെക്യൂരിറ്റിക്കാരെ നിയോഗിച്ച് സുരക്ഷ ഒരുക്കുന്നതിനും എ.ടി.എം കൗണ്ടറുകളിൽ ബാങ്ക് സ്ഥാപിച്ചിട്ടുള്ള ഡിവൈസുകൾ അല്ലാതെ മറ്റേതെങ്കിലും ഡിവൈസുകൾ അനധികൃതമായി സ്ഥാപിച്ചിട്ടുണ്ടോ എന്ന് പരിശോധന നടത്തണമെന്നും കൂടാതെ എ.ടി.എം കൗണ്ടറുകളിൽ സ്ഥാപിച്ചിട്ടുള്ള സി.സി.റ്റി.വി ദൃശ്യങ്ങൾ കൃത്യമായും പരിശോധിച്ച് അസാധാരണവും സംശയവും ഉണർത്തുന്നതുമായ ദൃശ്യങ്ങൾ ഉണ്ടോ എന്ന് |

കണ്ടെത്തി ആ വിവരം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും, കൂടാതെ എ.ടി.എം കൗണ്ടറുകളിൽ മതിയായ ശ്രദ്ധയും സുരക്ഷയും ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

| | |
|---|---|
| (ഡി) എ.ടി.എം. കൗണ്ടറുകളിൽ ബാങ്കുകൾ മതിയായ സുരക്ഷ ഒരുക്കാത്തത് സംസ്ഥാന പോലീസിന് അധിക ബാധ്യതയുണ്ടാക്കുന്നുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | (ഡി) (ഇ) മതിയായ സുരക്ഷാ സംവിധാനം ഏർപ്പെടുത്താത്ത എ.ടി.എം കൗണ്ടറുകളുടെ സുരക്ഷാപരമായ കാര്യങ്ങളിൽ പോലീസിന് ഇടപെടേണ്ടി വരുന്നത് അധികഭാരമാകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ട്. ഇത്തരം സാഹചര്യം ബാങ്കുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും എല്ലാ എ.ടി.എം കൗണ്ടറുകളിലും മതിയായ സുരക്ഷാ സംവിധാനം ഒരുക്കുവാൻ ആവശ്യമായ നിർദ്ദേശം ബാങ്ക് അധികൃതർക്ക് നൽകിയിട്ടുള്ളതുമാണ്. |
| (ഇ) എങ്കിൽ സംസ്ഥാനത്തെ എ.ടി.എം. കൗണ്ടറുകൾ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്നതിന് ബാങ്കുകൾ മതിയായ ജാഗ്രത കാണിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുമോ? | |

സെക്ഷൻ ഓഫീസർ